# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കിള്ളിപ്പാലം
കരമന , തിരുവനന്തപുരം
തീയതി 27/03/2021

## പത്രക്കുറിപ്പ്

### ജി .എസ് .റ്റി : 50 കോടിക്ക് മുകളിൽ വിറ്റുവരവുള്ള വ്യാപാരികൾക്ക്

### ഇ– ഇൻവോയ്സിംഗ് നാളെ മുതൽ

തിരുവനന്തപുരം: 50 കോടിക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള വ്യാപാരികളുടെ ബിസിനസ് ടു ബിസിനസ് വ്യാപാര ഇടപാടുകൾക്ക് ഏപ്രിൽ ഒന്ന് മുതൽ ഇ – ഇൻവോയ്സിംഗ് നിർബന്ധമാക്കി. ഇ – ഇൻവോയ്സിംഗ് ബാധകമായ വ്യാപാരികൾ നികുതി ബാധ്യതയുള്ള ചരക്കുകൾക്കും, സേവനങ്ങൾക്കും കൂടാതെ വ്യാപാരി നൽകുന്ന ക്രഡിറ്റ്/ ഡെബിറ്റ് നോട്ടുകൾക്കും ഇ – ഇൻവോയ്സിംഗ് നടത്തണം .

ഇ –ഇൻവോയ്സ് ബാധ്യതയുള്ള വ്യാപാരികൾ ചരക്കുനീക്കം നടത്തുന്നതിന് മുൻപ് തന്നെ ഇ – ഇൻവോയ്സിംഗ് നടത്തണം . ഇതിനായി ജി.എസ്.റ്റി കോമൺ പോർട്ടൽ വഴിയോ അല്ലെങ്കിൽ ഇ-ഇൻവോയ്സ് രജിസ്ട്രേഷൻ പോർട്ടലായ https://einvoice1.gst.gov.in വഴിയോ ഇ – ഇൻവോയ്സ് രജിസ്ട്രേഷൻ എടുക്കണം . ഇ വേ ബില്ല് പോർട്ടലിൽ രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾക്ക് ആ ഐഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ഇ– ഇൻവോയ്സിംഗ് പോർട്ടലിൽ ലോഗ് ഇൻ ചെയ്യാവുന്നതാണ്.

ഇ–ഇൻവോയ്സിംഗ് ബാധ്യതയുള്ള വ്യാപാരി ഇൻവോയ്സ് നല്കുന്നില്ലെങ്കിൽ സ്വീകർത്താവിന് ഇൻപുട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടാവില്ല. ജി .എസ്. റ്റി നിയമ പ്രകാരം നികുതിരഹിതമായവയുടെ കച്ചവടങ്ങൾക്ക് ഇ –ഇൻവോയ്സിംഗ് ആവശ്യമില്ല. സെസ്സ് യൂണിറ്റുകൾ, ഇൻഷുറൻസ്, നോൺ ബാങ്കിങ് ഫിനാൻഷ്യൽ കമ്പനികൾ അടക്കമുള്ള ബാങ്കിങ് മേഖല , ഗുഡ്സ് ട്രാൻസ്പോർട്ടിങ് ഏജൻസികൾ, പാസഞ്ചർ ട്രാൻസ്പോർട് സർവീസ്, മൾട്ടിപ്ലെക്സ് സിനിമ അഡ്മിഷൻ എന്നീ മേഖലകളെ ഇ – ഇൻവോയ്സിങ്ങിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

Sd/-

COMMISSIONER